## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2011

13-06-2019 ൽ മറുപടിയ്ക്ക്

## ഒറ്റപ്പാലം ഫയർസ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.ഉണ്ണി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ഒറ്റപ്പാലത്ത് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ; | എ) ഭരണാനുമതി നൽകിയിട്ടില്ല. |
| ബി) പ്രസ്തുത ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ വിശദമാക്കാമോ; | ബി) ഭരണാനുമതി ലഭ്യമായിട്ടില്ല. |
| സി) അനുയോജ്യമായ സ്ഥലവും കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായി സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | സി) ഒറ്റപ്പാലം നഗരസഭയുടെ അധീനതയിൽ സർക്കാർ ഭൂമി ലഭിക്കാത്തതിനാൽ സമീപ പ്രദേശങ്ങളിലെ സ്ഥല ലഭ്യതയെക്കുറിച്ച് വകുപ്പ് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ ലക്കിടി പേരൂർ-2 വില്ലേജിൽ ഫീൽഡ് നമ്പർ.196-ൽ (സർവ്വെ നം.196/2) ലക്കിടി റെയിൽവേ സ്റ്റേഷനുസമീപം 37 സെന്റ് ഭൂമി വകുപ്പ് കണ്ടെത്തിയിരുന്നു. ടി സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന അന്തിമഘട്ടത്തിൽ പ്രസ്തുത സ്ഥലം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് പതിച്ചുനൽകുന്നതിന് മാറ്റിവെച്ചു എന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിരുന്നു.<br>പ്രസ്തുത സ്ഥലം ലഭ്യമല്ലാത്തതിനാൽ പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ലെക്കിടി പേരൂർ 1 വില്ലേജിൽ റീ സർവ്വേ നമ്പർ 555, 556-ൽ ഉൾപ്പെട്ട കിൻഫ്ര വ്യവസായ പാർക്കിന്റെ കൈവശമുള്ള സ്ഥലത്തു നിന്നും 50 സെന്റ് വസ്തു |

അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിന് വകുപ്പ് കണ്ടെത്തിയിരുന്നു. ആയതിന്റെ നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. കൂടാതെ ഒറ്റപ്പാലം കേന്ദ്രീയവിദ്യാലയത്തിന് സമീപം ഒറ്റപ്പാലം മുനിസിപ്പാലിറ്റി വക സ്ഥലവും കെട്ടിടവും നൽകാമെന്ന് മുനിസിപ്പൽ ചെയർമാൻ സമ്മതിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് സമ്മതപത്രമോ അനുബന്ധ രേഖകളോ മുൻസിപ്പാലിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല

| | | |
|---|---|---|
| ഡി) | പ്രസ്തുത ഫയർസ്റ്റേഷൻ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | ഡി) സ്ഥലത്തിന്റെ ലഭ്യത, ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ